സ്റ്റാണ് അവിടെ ആർഡർ കിട്ടിയതെന്നും അതുകൊണ്ട് ഒഴിവു കൊടുക്കാൻ സാധിച്ചില്ല എന്നും അറിയാൻ കഴിഞ്ഞു. അതുകൊണ്ട അവിടെ ആർഡർ ധിക്കരിച്ചതല്ല, അറിവു കിട്ടിയതു താമസിച്ചതുകൊണ്ടാണ അവധിയാക്കാതിരുന്നതു്.

ശ്രീ. എം. സദാശിവൻ : ഈ ദിവസം കേന്ദ്ര ഗവണ്മെൻറു അവധി പ്രഖ്യാപിക്കുകയും, സുപ്രീം കോടതി ഈ ദിവസമല്ലാതെ പിന്നൊരു ദിവസം അവധിയായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : നോട്ടീസു വേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ലോകത്തിൽ മഹാന്മാരായിട്ടുള്ള ആളുകൾ ചരമം അടയുന്ന സന്ദർഭങ്ങളിൽ ഇൻഡ്യാ ഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറും അവധി പ്രഖ്യാപിച്ചു കഴിഞ്ഞാൽപോലും ഒരു ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസിന്റെ അഭിപ്രായത്തെ ആശ്രയിച്ചു് ആ സ്ഥാപനത്തിലെ സ്റ്റാഫിനു അവധി കിട്ടുകയില്ല എന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്?

ശ്രീമതി കെ. ആർ. ഗൗരി : ഒരു രാഷ്ട്രത്തലവൻ എന്നുള്ള നിലയിലാണു് ഈ ഗവണ്മെൻറു് അവധി അനുവദിച്ചതു്. മുമ്പു രാഷ്ട്രത്തലവന്മാർ മരിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അടുത്ത ദിവസം ഒഴിവായിട്ടു് പ്രഖ്യാപിച്ചിട്ടുണ്ടെന്നാണു് ഇവിടത്തെ റിക്കാർഡുകളിൽനിന്നും കാണുന്നതു്. ഇപ്പോഴും മരിച്ചദിവസം തന്നെയാണു് അവധിയായി ഡിക്ലയർ ചെയ്തതു്. ഈ ദിവസം ഇൻഡ്യാ ഗവണ്മെൻറു് അവധി ദിവസമായിട്ടു് ഡിക്ലയർ ചെയ്തതായി ഗവണ്മെൻറിനറിവില്ല.

(ii) Written Answers

അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരുടെ നിയമനം

* 214. [741] ശ്രീ. പി. പി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരെ നിയമിക്കുവാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ ;

(ബി) ഏതെങ്കിലും അദ്ധ്യാപകസംഘടനകളിൽ നിന്നു് ഇതു സംബന്ധമായി ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) തൽക്കാലം ഇല്ല.

(ബി) ഉണ്ടു്.

ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ

* 215. [746] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ നിർത്തലാക്കുന്നതിനു വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ അതു നടപ്പിലാക്കാനാണു ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ, ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി, പുതിയ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ തുടങ്ങാൻ ഗവണ്മെൻറു് അനുവാദം നൽകിയിട്ടില്ല. ഇംഗ്ലീഷു് മീഡിയം

LIBRARY ARCHIVES Kerala Legislative Assembly

ക്കാസ്സുകളും നിർത്തലാക്കാൻ വിദ്യാഭ്യാസ ഉപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഇതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. അടുത്ത വിദ്യാഭ്യാസവർഷത്തിനുമുമ്പു് ഇതിൽ ഒരു തീരുമാനം എടുക്കുന്നതാണു്.

2. ADJOURNMENT MOTIONS

(i) Police excesses on the agricultural labourers in Thodupuzha and Chalakudy Forest Poramboke lands

മി. സ്പീക്കർ : ഒന്നാമതു് അടിയന്തിരപ്രമേയങ്ങളാണു്. തൊടുപുഴ താലൂക്കിലും ചാലക്കുടിയിലും കൃഷിചെയ്തു ജീവിക്കുന്ന കർഷകത്തൊഴിലാളികളെ പോലീസുകാർ മർദ്ദിക്കുകയും അവരുടെ കുടിലുകൾ തീവയ്ക്കുകയും ചെയ്തതുസംബന്ധിച്ചു് ശ്രീ. ടി. എ. മജീദു്, ശ്രീ. പി. രവീന്ദ്രൻ, ശ്രീ. പി. വി. എബ്രഹാം, ശ്രീ. പി. എസ്. നമ്പൂതിരി എന്നിവർ അടിയന്തിരപ്രമേയത്തിനു നോട്ടീസു് നൽകിയിട്ടുണ്ടു്.

9 A. M.]

ശ്രീ. എം. കെ. കൃഷ്ണൻ : തൊടുപുഴയിലും അതുപോലെയുള്ള മലമ്പ്രദേശത്തും സംഘടിതമായ കൈയേറ്റങ്ങൾക്കുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ടെന്നു് അറിഞ്ഞതിനെത്തുടർന്നു്, ആരുതന്നെ കൈയേറിയാലും ഒഴിപ്പിക്കണമെന്നു് ഗവണ്മെൻറു് നിർദ്ദേശം നൽകിയിട്ടുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അന്യായമായി ആരെങ്കിലും കൈയേറ്റം നടത്തിയാൽ ഒഴിപ്പിക്കണമെന്നുള്ളതാണു് ഗവണ്മെൻറിന്റെ നയം. ആ നയം നടപ്പാക്കുന്ന കാര്യത്തിൽ പോലീസിന്റെ കൈയിൽനിന്നു് എക്സെസസ് വന്നിട്ടുണ്ടോ എന്നറിവില്ല. ഉണ്ടോ എന്നുള്ളകാര്യം ഗവണ്മെൻറു് അന്വേഷിച്ചു് വേണ്ട നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(ii) Alleged attacks on the agriculturists at Puthuppady and Kodencherry in Kozhikode District

കോഴിക്കോട് ഡിസ്ട്രിക്ടിലെ പുതുപ്പാടി, കോടഞ്ചേരി, ജീരകപ്പാടം എന്നിവിടങ്ങളിലെ കൃഷിക്കാരെ ദേഹോപദ്രവമേൽപ്പിച്ചതുസംബന്ധിച്ചു് ശ്രീ. പി.എം. അബൂബേക്കർ അടിയന്തിരപ്രമേയത്തിനു നോട്ടീസു് തന്നിട്ടുണ്ടു്.

ശ്രീ. എം. കെ. കൃഷ്ണൻ : അവിടെ കൃഷിക്കാരും ജന്മിയുംതമ്മിൽ തർക്കമുണ്ടായതിനെത്തുടർന്നു് സംഘർഷാവസ്ഥ ഉണ്ടായതായി അറിഞ്ഞു. ഉടൻതന്നെ പോലീസു് എത്തിയതിന്റെ ഫലമായി സ്ഥിതിഗതികൾ സമാധാനപരമായിരിക്കുകയാണു്. അവിടെ ഇപ്പോൾ കുഴപ്പമുണ്ടെന്നു തോന്നുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇന്നു നിയമസഭയിൽ സന്ദർശകർക്കു പ്രവേശനം കൊടുത്തിട്ടില്ല. ഇന്നലെ വൈകുന്നേരം ഞങ്ങൾക്കു തന്നിട്ടുള്ള കവറിൽ ബഹുമാനപ്പെട്ട സ്പീക്കർ ഈ വിവരം അറിയിച്ചിരുന്നു. നമ്മെ തെരഞ്ഞെടുത്ത ആളുകൾക്കു് നമ്മുടെ നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും സൗകര്യം കൊടുക്കേണ്ട ബാധ്യത നമുക്കുണ്ടു്. ക്രമസമാധാനനിലയ്ക്കു കുഴപ്പമുണ്ടാകുമെന്ന നിലയ്ക്കു് ആണു് ഇങ്ങനെ ചെയ്തിട്ടുള്ളതെന്നാണെങ്കിൽ, അക്കാര്യത്തിൽ ചുമതലയെടുക്കേണ്ടതു മെമ്പർമാരാണു്—മെമ്പർമാർ ചുമതലപ്പെട്ടു കൊടുക്കുന്ന പാസ്സ് പ്രകാരമാണു് സന്ദർശകർക്കു പ്രവേശനം നൽകുന്നതു്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly